REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഇന്ത്യാ സന്ദർശന ക്ഷണം, ഉക്രേനിയൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കി സ്വീകരിച്ചു.
- പ്രധാനമന്ത്രിയുടെ മൻ കി ബാത് പരിപാടി നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാനെതിരായ ആരോപണത്തിൽ പ്രതികരണവുമായി കൂടുതൽ നേതാക്കൾ.
- വയനാട് ദുരന്ത ബാധിത പ്രദേശത്തെ സ്കൂളുകൾ വരുന്ന ചൊവ്വാഴ്ച തുറക്കുമെന്ന് മന്ത്രി K. രാജൻ.
- ഇന്ത്യൻ ക്രിക്കറ്റ് താരം ശിഖർ ധവാൻ അന്താരാഷ്ട്ര ക്രിക്കറ്റിലെ മൂന്ന് ഫോർമാറ്റുകളിൽ നിന്നും വിരമിക്കാൻ പ്രഖ്യാപിച്ചു.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഉക്രേനിയൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കിയെ ഇന്ത്യാ സന്ദർശനത്തിന് ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച സെലൻസ്കി മഹത്തായ ഇന്ത്യാ രാജ്യം സന്ദർശിക്കാൻ സന്തോഷമുണ്ടെന്ന് പ്രതികരിച്ചു.**

എന്നാൽ സന്ദർശനം എന്നേയ്ക്കുണ്ടാകുമെന്ന് വ്യക്തമായ വിവരം ലഭിച്ചിട്ടില്ല.

റഷ്യ - ഉക്രെയ്ൻ സംഘർഷത്തിന് സമാധാനപരമായ പരിഹാരമുണ്ടാകണമെന്ന നിലപാട് നരേന്ദ്രമോദി കൂടിക്കാഴ്ചയിൽ ആവർത്തിച്ചു. ഉക്രെയിനിൽ സമാധാനം പുനഃസ്ഥാപിക്കാൻ സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും മോദി പറഞ്ഞു.

✪✪✪

രാജ്യരക്ഷാ രംഗത്തെ മികവ് വർദ്ധിപ്പിക്കാൻ അമേരിക്കയോടൊപ്പം പ്രവർത്തിക്കുന്നതിന് ഇന്ത്യ തയ്യാറാണെന്ന് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് വ്യക്തമാക്കി. വ്യവസായ പങ്കാളിത്തത്തിനും സാങ്കേതിക - ശാസ്ത്ര സഹകരണത്തിനും ഇന്ത്യ സന്നദ്ധമാണ്. അമേരിക്കൻ രാജ്യരക്ഷാ മേഖലയിലെ മുതിർന്ന നേതാക്കളുമായി നടത്തിയ വട്ടമേശ സമ്മേളനത്തിലാണ് രാജ്നാഥ് സിംഗ് ഇക്കാര്യം അറിയിച്ചത്. ഇന്നലെ US ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവനുമായും രാജ്നാഥ് സിംഗ് കൂടിക്കാഴ്ച നടത്തി.

✪✪✪

വിദൂര ഗ്രാമങ്ങളിലെ സാധാരണക്കാർക്ക് അതിവേഗ ഇന്റർനെറ്റ് സേവനം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന PM വാണി പദ്ധതിയിലെ നിരക്ക് സംബന്ധിച്ച കരട് നിർദേശം ട്രായ് പുറത്തുവിട്ടു. ടെലികോം സേവന ദാതാക്കൾ ഉയർന്ന നിരക്ക് ഈടാക്കിയതിനാൽ പദ്ധതി പരിമിതമായി മാത്രമാണ്

നടപ്പാക്കാനായതെന്ന് ടെലി കമ്മ്യൂണിക്കേഷൻ വകുപ്പ് രണ്ട് വർഷം മുമ്പ് കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് കരട് നിരക്ക് ക്രമീകരണ നിർദേശം തയ്യാറാക്കിയത്.

✪✪✪

ബിരുദദാന ചടങ്ങിന് പുതിയ ഡ്രസ് കോഡ് രൂപകൽപന ചെയ്യാൻ എല്ലാ കേന്ദ്ര ഗവൺമെന്റ് ആശുപത്രികളോടും മെഡിക്കൽ സ്ഥാപനങ്ങളോടും, ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടു.

കൊളോണിയൽ സമ്പ്രദായത്തിൽ നിന്ന് ഇത്തരം പരിപാടികളെ വേർപെടുത്താനും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യം ഉൾപ്പെടുത്താനും പ്രധാന ചുവടുവെപ്പാണ് ഈ മാറ്റമെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടി  മൻ കി ബാതിന്റെ 113-ാം എപ്പിസോഡ് നാളെ ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. രാവിലെ 11-ന് ആകാശവാണി - ദൂരദർശൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ  മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തിനെതിരായ ബംഗാളി നടി ശ്രീലേഖ മിത്രയുടെ ആരോപണത്തിൽ വസ്തുത പരിശോധിക്കേണ്ടതുണ്ടെന്നും ആക്ഷേപത്തിൽ മാത്രം കേസെടുക്കില്ലെന്നും  മന്ത്രി സജി

ചെറിയാൻ ആലപ്പുഴയിൽ പറഞ്ഞു. പരാതി ഉണ്ടെങ്കിൽ കേസെടുക്കും. ഗവൺമെന്റ് ഇരയ്ക്കൊപ്പമാണ്, വേട്ടക്കാർക്കൊപ്പമല്ലെന്ന് മന്ത്രി വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്

.............വോയ്സ്.............

കുറ്റം ചെയ്യുന്നവർക്കെതിരെ വിട്ടുവീഴ്ച ഉണ്ടാകില്ല. എന്നാൽ, നടപടി എടുക്കാൻ രേഖാമൂലം പരാതി വേണമെന്ന് സജി ചെറിയാൻ പറഞ്ഞു. രഞ്ജിത്തിനെ ചുമതലകളിൽ നിന്ന് മാറ്റുന്നതിൽ തീരുമാനം എടുക്കേണ്ടത് CPIM ആണെന്നും മന്ത്രി വ്യക്തമാക്കി.

അതേ സമയം, രഞ്ജിത്തിനെതിരായ ആരോപണത്തിൽ രേഖാമൂലം പരാതി ലഭിച്ചാലേ കേസെടുക്കൂവെന്ന് പറഞ്ഞ മന്ത്രി സജി ചെറിയാൻ രാജിവെയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആവശ്യപ്പെട്ടു. അന്വേഷണം വേണ്ടാ എന്നാണെങ്കിൽ എന്തിനാണ് ഹേമ കമ്മറ്റിയെന്ന് പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് ചോദിച്ചു. കുറ്റാരോപിതരെ രക്ഷപ്പെടുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ആരോപണത്തിൽ വിശദമായ അന്വേഷണം വേണമെന്നും സതീശൻ ആവശ്യപ്പെട്ടു. സിനിമാ പ്രവർത്തകരെ മുഴുവൻ സംശയത്തിന്റെ കരിനിഴലിൽ നിർത്തുന്നതാണ് ഗവൺമെന്റ് നടപടിയെന്നും റിപ്പോർട്ടിലെ ആരോപണങ്ങൾ ഗുരുതരമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

രഞ്ജിത്തിനെ ചെയർമാൻ സ്ഥാനത്തു നിന്ന് പുറത്താക്കണമെന്ന് CPI നേതാവ് ആനി രാജയും ആവശ്യപ്പെട്ടു. ബംഗാളി നടിയുടെ ആരോപണത്തിൽ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ പദവിയിൽ നിന്ന് അദ്ദേഹത്തെ മാറ്റി നിർത്തി അന്വേഷണം നടത്തണമെന്നാണ് ആനി രാജയുടെ അഭിപ്രായം.

✪✪✪

രഞ്ജിത്തിനെതിരായ ആരോപണത്തിൽ ബംഗാളി നടി പരാതിയുമായി വന്നാൽ എല്ലാ പിന്തുണയും നൽകുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഗവൺമെന്റ് ഇരകൾക്കൊപ്പമാണെന്നും, തെറ്റ് ചെയ്ത ഒരാളെയും സംരക്ഷിക്കില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ആരോപണത്തിൽ അന്വേഷണം നടത്തി നടപടിയെടുക്കണമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P.സതീദേവിയും ആവശ്യപ്പെട്ടു. പരാതി ഉന്നയിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി എത്ര ഉന്നതരായാലും നടപടിയുണ്ടാവണമെന്ന് അവർ കണ്ണൂരിൽ പറഞ്ഞു. പരാതിപ്പെടുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കണമെന്നും സതീദേവി ആവശ്യപ്പെട്ടു.

✪✪✪

പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 2,000 രൂപ വീതം

എക്സ്ഗ്രേഷ്യ അനുവദിച്ചു. അരി വിതരണത്തിന് ഓരോ തൊഴിലാളിക്കും 250 രൂപ വീതവും നൽകുമെന്ന് മന്ത്രി K.N ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

വയനാട് ദുരന്ത ബാധിത പ്രദേശത്തെ സ്കൂളുകൾ വരുന്ന ചൊവ്വാഴ്ച തുറക്കുമെന്ന് മന്ത്രി K. രാജൻ പറഞ്ഞു. സെപ്റ്റംബർ രണ്ടിന് പ്രത്യേക പ്രവേശനോൽസവം ജില്ലയിൽ നടത്തുമെന്നും മന്ത്രി കൽപറ്റയിൽ അറിയിച്ചു. വിദ്യാർത്ഥികൾക്ക് മാത്രമായി മൂന്ന് KSRTC ബസുകൾ സർവീസ് നടത്തും.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ പഠിക്കുന്നതിന് ഈ അധ്യയന വർഷം തന്നെ സീറ്റുകൾ അനുവദിക്കാൻ കണ്ണൂർ സർവകലാശാലാ സിന്റിക്കേറ്റ് യോഗം തീരുമാനിച്ചു പുനഃസംഘടിപ്പിച്ച കണ്ണൂർ സർവകലാശാലാ സിന്റിക്കേറ്റിന്റെ പ്രഥമയോഗത്തിലാണ് തീരുമാനം.

✪✪✪

ഭിന്നശേഷിക്കാർക്ക് ആവശ്യമായ എല്ലാ പിന്തുണയും സംവിധാനവും ഒരുക്കേണ്ടത് സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും കടമയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ സഹായോപകരണ വിതരണം കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹാർദ സംസ്ഥാനമാക്കി മാറ്റുക എന്ന പ്രഖ്യാപിത ലക്ഷ്യവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്നും മന്ത്രി പറഞ്ഞു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷനായിരുന്നു.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് താരം ശിഖർ ധവാൻ അന്താരാഷ്ട്ര ക്രിക്കറ്റിലെ മൂന്ന് ഫോർമാറ്റുകളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചു. കളിക്കളത്തിലെ നിരവധി ഓർമ്മകളുമായാണ് വിരമിക്കുന്നതെന്ന് അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ആരാധകർ നൽകിയ സ്നേഹത്തിനും പിന്തുണയ്ക്കും അദ്ദേഹം നന്ദിയറിച്ചു.

✪✪✪

കണ്ണൂർ സർവകലാശാല NSS യൂണിറ്റ് ചിറ്റിലപ്പള്ളി ഫൗണ്ടേഷന്റെ സഹകരണത്തോടെ നിർമിക്കുന്ന 10 സ്നേഹവീടുകളുടെ താക്കോൽ മന്ത്രി ഡോ. R.ബിന്ദു കൈമാറി. കണ്ണൂർ സർവകലാശാല തവക്കര ക്യാമ്പസ്സിലായിരുന്നു ചടങ്ങ്.

✪✪✪

ഓണത്തോടനുബന്ധിച്ച് കണ്ണൂരിൽ കൈത്തറി പ്രദർശന വിപണന മേളയ്ക്ക് ഇന്ന് തുടക്കമാകും. പൊലീസ് മൈതാനിയിലാണ് മേള ഒരുക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

...............വോയ്സ്...............

✪✪✪

സംസ്ഥാനത്ത് അടുത്ത ബുധനാഴ്ച വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ കണ്ണൂരും കാസർകോടും മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്.

✪✪✪

പുരോഗമന കലാ സാഹിത്യ സംഘം പതിമൂന്നാം സംസ്ഥാന സമ്മേളനം ഈ മാസം 27, 28 തീയ്യതികളിൽ കണ്ണൂരിൽ നടക്കും. 27 ന് രാവിലെ ബർണശ്ശേരി നായനാർ അക്കാദമി ഹാളിൽ സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഗാനരചയിതാവ് P. ഭാസ്കരന്റെ ജന്മശതാബ്ദിയോട് അനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയവും ജവഹർ ലൈബ്രറിയും ചേർന്ന് സംഘടിപ്പിക്കുന്ന കണ്ണീരും കിനാവും പ്രതിമാസ പ്രഭാഷണ പരിപാടി ഉച്ച കഴിഞ്ഞ് ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ നടത്തും. P. ഭാസ്കരന്റെ സിനിമാ ജീവിതം അടിസ്ഥാനമാക്കി നോവലിസ്റ്റ് C.V. ബാലകൃഷ്ണൻ പ്രഭാഷണം നടത്തും. തുടർന്ന് P. ഭാസ്കരൻ സംവിധാനം ചെയ്ത ഇരുട്ടിൻറെ ആത്മാവ് എന്ന സിനിമ പ്രദർശിപ്പിക്കും.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 280 രൂപ കൂടി 53,560 ലെത്തി. 6,695 രൂപയാണ് ഗ്രാമിന്.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ 13-കാരിയുമായി പൊലീസ് സംഘം വിശാഖപട്ടണത്ത് നിന്ന് ഇന്ന് യാത്ര തിരിക്കും. വിജയവാഡയിൽ നിന്ന് രാത്രി കേരള എക്സ്പ്രസിലാണ് യാത്ര. കഴക്കൂട്ടം SI രഞ്ജിത്തിന്റെ നേതൃത്വത്തിൽ അഞ്ചംഗ സംഘം വിശാഖപട്ടണത്തെത്തി നടപടിക്രമങ്ങൾ ഇന്നലെ രാത്രി പൂർത്തിയാക്കി.

✪✪✪

ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ തിങ്കളാഴ്ച ശ്രീകൃഷ്ണജയന്തി ആഘോഷങ്ങൾക്ക് കണ്ണൂരിൽ ഒരുക്കങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു. 'പുണ്യമീ മണ്ണ് പവിത്രമീ ജന്മം' എന്ന സന്ദേശം ഉയർത്തിയാണ് ബാലഗോകുലം ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷം ആർഭാടങ്ങളില്ലാത്ത ശോഭാ യാത്രകളാണ് നിശ്ചയിച്ചിരിക്കുന്നത്.

✪✪✪

പനി ബാധിച്ച് കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച രണ്ടു പേരിൽ നിപാ ബാധ സംശയിക്കേണ്ട സാഹചര്യമില്ലെന്ന് ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇവരെ പ്രത്യേക വാർഡിൽ

നിരീക്ഷണത്തിലാക്കി സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

✪✪✪

സപ്ലൈക്കോ നെല്ല് സംഭരണ പദ്ധതിയുടെ ഒന്നാം വിള സീസണിലെ കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നാളെ ആരംഭിക്കും. ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായി കർഷകർക്ക് രജിസ്റ്റർ ചെയ്യാം.

✪✪✪

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് കൊച്ചുവേളി - മംഗളൂരു സ്പെഷ്യൽ ട്രെയിൻ സർവീസ് അടുത്തമാസം 28 വരെ നീട്ടി. മംഗളൂരുവിൽ നിന്ന് വ്യാഴം, ശനി ദിവസങ്ങളിൽ രാത്രി 7.30 ന് പുറപ്പെടുന്ന ട്രെയിൻ പിറ്റേന്ന് രാവിലെ 8 ന് കൊച്ചുവേളിയിലെത്തും. വെള്ളി, ഞായർ ദിവസങ്ങളിൽ വൈകീട്ട് 6.40 ന് മടങ്ങി പിറ്റേന്ന് രാവിലെ 7 ന് ട്രെയിൻ മംഗളൂരുവിലെത്തും.

✪✪✪

ബാലവേല-ബാലവിവാഹ വിരുദ്ധ ചർച്ചകൾ സജീവമാകണമെന്ന് സംസ്ഥാന ബാലാവകാശകമ്മിഷൻ ചെയർപേഴ്സൺ K.V മനോജ്കുമാർ ആവശ്യപ്പെട്ടു. കമ്മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥരുടെ കോഴിക്കോട്ടെ മേഖല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹത്തെ പിന്നോട്ട് കൊണ്ടുപോകുന്ന രണ്ടു കാര്യങ്ങളാണ് ബാലവേലയും ബാലവിവാഹവുമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഇവ രണ്ടും റിപ്പോർട്ട്

ചെയ്തിട്ടില്ലെങ്കിലും അതിഥി തൊഴിലാളികളുടെ കടന്നു വരവോടെ ഇതിൽ മാറ്റം വന്നു തുടങ്ങിയിട്ടുണ്ടെന്നും കമ്മിഷൻ ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാനത്തെ ആദ്യ റോബോട്ടിക് പാർക്ക് തൃശൂരിൽ തുടങ്ങുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. പത്തേക്കർ സ്ഥലത്തായിരിക്കും പാർക്ക് നിർമ്മിക്കുകയെന്ന് KSIDC കൊച്ചിയിൽ സംഘടിപ്പിച്ച റോബോട്ടിക് റൗണ്ട് ടേബിൾ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ മന്ത്രി പറഞ്ഞു. ആഗോള നിക്ഷേപക ഉച്ചകോടി അടുത്ത ഫെബ്രുവരി 21, 22 തിയതികളിൽ കൊച്ചിയിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪